"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

മത്സ്യബന്ധന തുറമുഖ വകുപ്പ് - മെ. മലബാർ ഇന്റർനാഷണൽ പോർട്ട് & സെസ്സ് ലിമിറ്റഡ് - ശ്രീ.എൽ രാധാകൃഷ്ണൻ ഐ.എ.എസ്. (റിട്ട.), മാനേജിംഗ് ഡയറക്ടർ & ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ - കരാർ സേവന കാലാവധി 16-02-2026 മുതൽ ഒരു വർഷത്തേക്ക് ദീർഘിപ്പിച്ച് ഉത്തരവാകുന്നു.

---

**മത്സ്യബന്ധന തുറമുഖ (ഇ) വകുപ്പ്**

സ.ഉ.(കൈ) നം.7/2026/F&P തീയതി,തിരുവനന്തപുരം, 04-03-2026

---

പരാമർശം:-

1. 09-10-2017 തീയതിയിലെ സ.ഉ. (കൈ) നം.19/2017/മ.തു.വ
2. 28-05-2019 തീയതിയിലെ സ.ഉ. (കൈ) നം.14/2019/മ.തു.വ
3. 18-03-2022-ാം തീയതിയിലെ സ.ഉ. (കൈ) No.7/2022/P&EA
4. 21-01-2023-ാം തീയതിയിലെ സ.ഉ.(കൈ) നം..3/2023/മ.തു.വ
5. 29-02-2024-ാം തീയതിയിലെ സ.ഉ. (കൈ) No.5/2024/F&P
6. 11-04-2025-ാം തീയതിയിലെ സ.ഉ.(കൈ) നം.9/2025/F&P

**ഉത്തരവ്**

കണ്ണൂർ ജില്ലയിലെ അഴീക്കലിൽ ഒരു ഗ്രീൻ ഫീൽഡ് തുറമുഖം വികസിപ്പിക്കുന്നതിനായി പരാമർശം (1 ) പ്രകാരം രൂപീകരിച്ചിരുന്ന സ്പെഷ്യൽ പർപ്പസ് കമ്പനിയായ "അഴീക്കൽ പോർട്ട് ലിമിറ്റഡ്" (പുതിയ പേര് "മലബാർ ഇന്റർനാഷണൽ പോർട്ട് & സെസ്സ് ലിമിറ്റഡ്")-ൽ മാനേജിംഗ് ഡയറക്ടർ & ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ തസ്തികൾ ഉൾപ്പടെ നാല് തസ്തികകൾ കോൺട്രാക്ട് വ്യവസ്ഥയിൽ സൃഷ്ടിക്കുന്നതിനും മാനേജിംഗ് ഡയറക്ടർ & ചീഫ് എക്സിക്യൂട്ടീവ് ഓഫീസറായി ശ്രീ. എൽ. രാധാകൃഷ്ണൻ ഐ.എ.എസ്. (റിട്ട.) നെ നിയമിക്കുന്നതിനും പരാമർശം (2 )പ്രകാരം അനുമതി നല്കി ഉത്തരവായിരുന്നു.

2. മലബാർ ഇന്റർനാഷണൽ പോർട്ട് & സെസ്സ് ലിമിറ്റഡ് കമ്പനിയുടെ മാനേജിംഗ് ഡയറക്ടർ & ചീഫ് എക്സിക്യൂട്ടീവ് ഓഫീസറായ ശ്രീ എൽ.രാധാകൃഷ്ണൻ ഐ.എ.എസ്. (റിട്ട.) ന്റെ സേവനകാലാവധി പരാമർശം (3 )ലെ ഉത്തരവിൽ ഇളവുകൾ വരുത്തി ഒരു പ്രത്യേക കേസായി പരിഗണിച്ച് 3 വർഷത്തേക്ക് അല്ലെങ്കിൽ 70 വയസ്സ് വരെ ഏതാണോ ആദ്യം എന്ന രീതിയിൽ ദീർഘിപ്പിക്കുന്നതിനും, വേതനം പ്രതിവർഷം 2 % വർദ്ധിപ്പിക്കുന്നതിനും പരാമർശം (4) പ്രകാരം അനുമതി നല്കി ഉത്തരവായിരുന്നു.

3. മലബാർ ഇന്റർനാഷണൽ പോർട്ട് & സെസ്സ് ലിമിറ്റഡ് കമ്പനിയുടെ മാനേജിംഗ് ഡയറക്ടർ &

ചീഫ് എക്സിക്യൂട്ടീവ് ഓഫിസറായ ശ്രീ. എൽ. രാധാകൃഷ്ണൻ ഐ.എ.എസ്. (റിട്ട.) -ന്റെ കരാർ സേവനകാലാവധി പരാമർശം 3 ഉത്തരവിലെ നിബന്ധനകളിൽ ഇളവുകൾ വരുത്തി പരാമർശം 5, 6 ലെ ഉത്തരവുകൾ പ്രകാരം ഒരോ വർഷത്തേക്ക് കൂടി ദീർഘിപ്പിച്ചു നൽകി ഉത്തരവായിരുന്നു.

4. മലബാർ ഇന്റർനാഷണൽ പോർട്ട് & സെസ്സ് ലിമിറ്റഡ് കമ്പനിയുടെ മാനേജിംഗ് ഡയറക്ടർ & ചീഫ് എക്സിക്യൂട്ടീവ് ഓഫീസറായ ശ്രീ. എൽ. രാധാകൃഷ്ണൻ ഐ.എ.എസ്. (റിട്ട.) -ന്റെ കരാർ സേവനകാലാവധി 15-02-2026 അവസാനിച്ച സാഹചര്യത്തിൽ, പരാമർശം (3) ഉത്തരവിലെ നിബന്ധനകളിൽ ഇളവുകൾ വരുത്തി ഒരു പ്രത്യേക കേസായി പരിഗണിച്ച് 16-02-2026 തീയതി മുതൽ ഒരു വർഷത്തേക്ക് കൂടി ദീർഘിപ്പിച്ച് നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡോ എ കൗശിഗൻ ഐഎഎസ്
സെക്രട്ടറി

മാനേജിംഗ് ഡയറക്ടർ & ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, മെ. മലബാർ ഇന്റർനാഷണൽ പോർട്ട് & സെസ്സ് ലിമിറ്റഡ്
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കേരള മാരിടൈം ബോർഡ്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള
അക്കൗണ്ടന്റ് ജനറൽ (എ. & ഇ) കേരള, തിരുവനന്തപുരം.
ധനകാര്യ വകുപ്പ് (26-02-2026-ാം തീയതിയിലെ 2703014/PU-B3/119/2018-FIN-Part(2) നം. ഫയൽ പ്രകാരം)
പ്ലാനിംഗ് (ബി.പി.ഇ) വകുപ്പ് (25-02-2026-ാം തീയതിയിലെ PLGEA-BPE2/28/2026-PLGEA നം. ഫയൽ പ്രകാരം)
വിജിലൻസ് വകുപ്പ് (26-02-2026-ാം തീയതിയിലെ VIG-C2/137/2026-VIG നം. ഫയൽ പ്രകാരം)
പൊതുഭരണ (എസ്.സി) വകുപ്പ് (02-03-2026-ാം തീയതിയിലെ ഇനം നം. 3789 പ്രകാരം)
ഐ & പി.ആർ.ഡി, വെബ് & ന്യൂ മീഡിയ (സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Shajish P
Date: 05-03-2026 10:07:29
സെക്ഷൻ ഓഫീസർ

പകർപ്പ്: ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
ബഹു. തുറമുഖ സഹകരണ ദേവസ്വം വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
ബഹു. ധനകാര്യ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്